

അമൃത ആയുർവേദ കോളേജിലെ ഔഷധ സസ്യ ഉദ്യാന വിപുലീകരണം സ്വാമി ജ്ഞാനാമൃതാനന്ദപുരി ഔഷധച്ചെടി നട്ട് ഉദ്ഘാടനം ചെയ്യുന്നു

## അമൃതവിശ്വവിദ്യാപീഠം കാമ്പസിൽ

അമൃതപുരി: ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി അമൃത ആയുർവേദ കോളേജിനോടനുബന്ധിച്ചുള്ള ഔഷധ സസ്യ ഉദ്യാന വിപുലീകരണം സ്വാമി ജ്ഞാനാമൃതാനന്ദപുരി ഔഷധച്ചെടി നട്ട് ഉദ്ഘാടനം ചെയ്തു. തുടർന്ന് ഡോ. വാസുദേവൻ നമ്പൂതിരി, ഡോ. ശങ്കരൻ, ഡോ. സോമനാഥ്, ഗോപിനാഥപിള്ള, ഡോ. മുരളി, ബ്രഹ്മചാരി ശിവൻ എന്നിവരും വിദ്യാർത്ഥികളും ചെടിനട്ടു.

'അമൃതവനം' എന്ന പേരിൽ അറിയപ്പെടുന്ന ഔഷധ സസ്യത്തോട്ടത്തിൽ വംശനാശം നേരിടുന്ന സസ്യങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഔഷധ സസ്യങ്ങളെക്കുറിച്ച് പഠിക്കാനും സൗകര്യമൊരുക്കും. ബോധവത്കരണ ക്ലാസുകളും സംഘടിപ്പിക്കും. ഔഷധ സസ്യ സംരക്ഷണത്തിന് സംസ്ഥാന സർക്കാരിന്റെ ഈവർഷത്തെ ഹരിത പുരസ്കാരം നേടിയ നരേന്ദ്രനെ ചടങ്ങിൽ ആദരിച്ചു.